(ബി) ഉണ്ടെങ്കിൽ മുൻപും ഇപ്പോഴും അനുവദിച്ചുവരുന്ന തോതിലുള്ള വ്യത്യാസമെന്തു് ;

(സി) എല്ലാ ജില്ലകളിലും ഒരേ നയം തന്നെയാണോ ഈ കാര്യത്തിൽ തുടരുന്നതു് ;

(ഡി) വ്യത്യസ്ഥമായ രീതിയിലാണു് കൈകാര്യം ചെയ്യുന്നതെങ്കിൽ കാരണമെന്തു് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) യാത്രബത്തനിരക്കിൽ കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) 'എ'യ്ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) യാത്രാബത്തയുടെ നിരക്കുകളും, യാത്രാബത്ത അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും എല്ലാ ജില്ലകളിലും ഒന്നുതന്നെയാണു്.

(ഡി) 'സി'ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

കൈക്കൂലിക്കേസ്സുകൾ

1. [6] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽവന്ന ശേഷം ഇന്നുവരെ കൈക്കൂലി വാങ്ങിയതുസംബന്ധിച്ചു എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തു ; ഏതെല്ലാം വകുപ്പിൽ എത്രപേർ ;

(ബി) എത്രപേരെ ശിക്ഷിച്ചു ; എത്രപേരുടെ കേസു വിട്ടു ; എത്ര പേർ അന്വേഷണവിധേയരായിട്ടുണ്ടു് ?

ഉത്തരം.

(എ) 174. വകുപ്പുതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(ബി) 32 പേരെ ശിക്ഷിച്ചു. 19 പേരെ വെറുതെവിട്ടു. 123 പേരുടെ കേസ്സുകൾ തീരുമാനമായിട്ടില്ല.

Pasteurisation Plant at Kalleppally—Ambalakkad.

2. [21] **Shri M. V. Vasu** : Will the Minister for Food and Agriculture be pleased to state :

(a) what is the amount sanctioned for the Pasteurisation Plant at Kalleppally—Ampalakkad, near Palghat Town ;

(b) how far has the work progressed now ;

(c) what are the employment opportunities and what is the extent of milk pasteurisation in the Institute ;

(d) when will the work be completed ; and

(e) is there a salvage plan appurtenant to this Dairy Institute ?

Answer.

(a) The amount sanctioned for the year 1963-64 is Rs. 1.13 lakhs.

(b) The site for the scheme has been acquired and the construction of the Dairy building has been started. Tenders have been invited for the purchase and erection of equipments.

---

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly

(c) It is roughly estimated that there will be employment opportunities for 100 persons when the plant is in full operation. The capacity of the plant will be 6,000 litres of milk per day initially.

(d) It is expected that the work will be completed during the year 1965-66.

(e) No.

STARRED QUESTIONS AND ANSWERS POSTED FOR ANSWER ON 27—1—1964*.

അറബിക്കു് കോളേജുകം

* 26. [4] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര അറബിക്കു് കോളേജുകം ഉണ്ടു് ;

(ബി) ഈ കോളേജുകൾക്കു് ഗ്രാൻറു നൽകുന്നുണ്ടോ ;

(സി) കേരള യൂണിവേഴ്സിറ്റി അറബിക് കോഴ്സു് ഏർപ്പെടുത്തുന്നതിനു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടികം എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) നാലു്.

(ബി) ഉണ്ടു്.

(സി) പ്രസ്തുത കോഴ്സു് നടത്തുന്നതിനു് തൽക്കാലം പദ്ധതിയൊന്നുമില്ലെന്നാണു് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുള്ളതു്.

(ഡി) യൂണിവേഴ്സിറ്റിയോടു് അഫിലിയേറു ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജു് പ്രസ്തുത കോഴ്സു് തുടങ്ങുന്നതിനു് സന്നദ്ധമായി മുന്നോട്ടുവന്നാൽ ഇക്കാര്യം പരിഗണിക്കാമെന്നു് യൂണിവേഴ്സിറ്റി ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

പ്രതിരോധ നിധി.

* 27. [6] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പ്രതിരോധനിധിയിലേക്കു് ഈ സംസ്ഥാനത്തുനിന്നും 1963 ഡിസംബർ 31—ാം തീയതി വരെ എത്രയുക പിരിഞ്ഞു കിട്ടിയിട്ടുണ്ടു് ;

(ബി) ഏറ്റവും കൂടുതൽ യുക പിരിച്ചെടുത്ത ഡിസ്ട്രിക്റ്റു് ഏതാണു്; എത്ര യുക പിരിച്ചു ;

(സി) ഏറ്റവും കൂടുതൽ യുക പിരിച്ചെടുത്ത താലൂക്കു് ഏതാണു് ; എത്ര യുക പിരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) Rs. 1,84,82,133.66 nP.

(ബി) എറണാകുളം. Rs. 30,18,523.97 nP.

(സി) കണ്ണൂർ താലൂക്കു്. Rs. 6,69,509.22 nP.

പുതിയ സ്കൂളുകം.

* 28. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* As the sitting of the Assembly on 27-1-1964 was cancelled, the questions and answers posted for that day are included in this day's proceedings.

LIBRARY ARCHIVES Kerala Legislative Assembly